പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3827 17/10/2011 ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ, വിധവകൾ, അപകടമരണം സംഭവിച്ച വ്യക്തികളുടേയും ആത്മഹത്യ ചെയ്തവരുടേയും ആശ്രിതർ, മിശ്ര വിവാഹിതർ, മാരകരോഗം ബാധിച്ചവർ, വികലാംഗർ എന്നിവർക്ക് എന്തെല്ലാം ധനസഹായ പദ്ധതികളാണ് നിലവിലുള്ളത് ; | (എ) സംസ്ഥാനത്തെ പ്രീമെട്രിക് / പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ /മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. ആയതിന്റെ നിരക്ക് വർദ്ധിപ്പിച്ച സർക്കാർ ഉത്തരവ് അനുബന്ധം 1-ൽ ചേർക്കുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന വിധവകൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകി വരുന്നുണ്ട്. അപകട മരണം സംഭവിച്ച വ്യക്തികളുടെ ആശ്രിതർക്ക് ടി വിഷയം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകി വരുന്നുണ്ട്. മിശ്ര വിവാഹം മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികൾക്ക് മിശ്രവിവാഹ ധനസഹായം വകുപ്പിൽ നിന്നും നൽകി വരുന്നുണ്ട്. ക്യാൻസർ മുതലായ രോഗങ്ങൾക്കുള്ള ചികിൽസ, ചെലവ് കൂടിയ |

ശസ്ത്രക്രിയ, ദീർഘകാലമായി നടത്തി വരുന്ന ചികിൽസ, ഡയാലിസിസ് മുതലായ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നവർക്ക് ചികിൽസാ ധനസഹായമായി വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 25,000/- രൂപ വരെ അനുവദിച്ച് നൽകി വരുന്നുണ്ട്.

(ബി) ഓരോന്നിന്റേയും വിശദ വിവരവും ബന്ധപ്പെട്ട ഉത്തരവുകളും ലഭ്യമാക്കുമോ ;

(ബി) ഓരോ പദ്ധതികളുടേയും വിശദ വിവരങ്ങളടങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം സംബന്ധിച്ച വിശദവിവരം അറിയിക്കാമോ ?

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാരുടേയും, വിധവകളുടേയും പെൺമക്കൾക്കും, അടിമപ്പണിയിൽ നിന്നു വിമുക്തരാക്കപ്പെട്ടവരും, പട്ടികവർഗ്ഗ ദമ്പതികളുടെ അവിവാഹിതരായ മക്കൾക്കും, നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം നൽകി വരുന്നുണ്ട്. നിലവിൽ വാർഷിക വരുമാന പരിധി 22,000/- രൂപ വരെയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് 20,000/- രൂപ വരെ ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് 18/3/10 -ലെ സർക്കാർ ഉത്തരവ് നമ്പർ 32/2010/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്)

സെക്ഷൻ ഓഫീസർ